നം. U1/56986/2007

പോലീസ് ആസ്ഥാനം,

കേരളം, തിരുവനന്തപുരം – 10

തീയതി . /02/2009

# സർക്കുലർ നമ്പർ 07/2009

വിഷയം : ഹൈവേ പെട്രോൾ വാഹനങ്ങളിൽ ഡ്യൂട്ടി ചെയ്യുന്നവർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

01. പൊതുജനങ്ങളെ അപകടങ്ങളിൽപെടുമ്പോൾ രക്ഷിക്കുകയും റോഡ് അപകടങ്ങൾ ഉണ്ടാകാതെ നോക്കുകയുമാണ് ഹൈവേ പെട്രോളിന്റെ പ്രധാന ചുമതല. അതുകൊണ്ട് തന്നെ ആൾ തിരക്കുള്ള സ്ഥലങ്ങളിൽ വേണം ഹൈവേ പെട്രോൾ വണ്ടികൾ കാണപ്പെടേണ്ടത്. കടകളും മറ്റു സ്ഥാപനങ്ങളും ജനങ്ങളും ഉള്ള സ്ഥലങ്ങളിലാണ് ഹൈവേ പെട്രോൾ വണ്ടികൾ കാണപ്പെടണം.

02. വാഹനങ്ങളുടെ റിക്കാർഡു ചെക്കു ചെയ്യുക എന്നതല്ല മറിച്ച് തെറ്റായ ഡ്രൈവിംഗ് നടപടികൾ കണ്ടുപിടിക്കുക എന്നതാണ് വാഹനം ചെക്ക് ചെയ്യുന്നതിന്റെ ഉദ്ദേശം. അപകടകരമായ രീതിയിൽ വാഹനം ഓടിക്കുന്നവരെ കണ്ടു പിടിക്കുകയാണ് പ്രധാനം.

03. സമീപത്തെങ്ങും ആളില്ലാത്ത വഴിയോരങ്ങളിൽ കാത്തു നിന്ന് ഹൈവേ പെട്രോൾ വണ്ടികൾ പണമിടപാട് നടത്തുമ്പോൾ അത് ദൂരെ നിന്ന് കാണുന്നവരിൽ സംശയം ഉളവാക്കും. പോലീസിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും സാധാരണ ഗതിയിൽ ഒരു സാക്ഷിയുടെ സാന്നിദ്ധ്യം നാം ഉറപ്പാക്കാറുണ്ടല്ലോ. പെറ്റികേസ് പിടിക്കുമ്പോൾ നാം അങ്ങനെ നിർബന്ധം പിടിക്കാറില്ലെങ്കിലും സാധാരണ ഗതിയിൽ വാഹന പെറ്റികേസുകൾ എടുക്കുന്നതും കോമ്പൗണ്ടിങ്ങ് നടത്തുന്നതും സുതാര്യമായി, കഴിയുന്നതും മറ്റ്

ആളുകളുടെ സാന്നിദ്ധ്യത്തിൽ, ആകുന്നത് അഭികാമ്യമായിരിക്കും. ഇതിൽ ഒരു രഹസ്യ സ്വഭാവം ആവശ്യമില്ല.

04. വാഹന പരിശോധന നടത്തുമ്പോൾ ഹൈവേ പെട്രോളിന്റെ ചാർജ്ജുള്ള സബ് ഇൻസ്പെക്ടർ വണ്ടിയിൽ ഇരിക്കാതെ റോഡിൽ ഇറങ്ങി നിൽക്കേണ്ടതാണ്. ഹൈവേ പെട്രോളിന്റെ ചാർജ്ജുള്ള ഓഫീസർ ഒരു വാഹന ഡ്രൈവറെയും ഹൈവേ പെട്രോൾ വണ്ടിയുടെ അടുത്തേക്ക് വിളിച്ചു വരുത്താൻ പാടുള്ളതല്ല. സാധാരണ ഗതിയിൽ ചെക്കു ചെയ്യുന്ന ഓഫീസർ ചെക്ക് ചെയ്യപ്പെടുന്ന വണ്ടിയുടെ അടുത്തേക്ക് ചെന്ന് ചെല്ലാൻ കൊടുക്കുകയാണ് വേണ്ടത്. കൂടാതെ ഡ്രൈവറോട് ലംഘിക്കപ്പെട്ട ട്രാഫിക് നിയമം എന്താണെന്ന് പറയുകയും വേണം.

05. ഈ വ്യവസ്ഥകൾ കർശനമായി പാലിക്കപ്പെടുന്നു എന്ന് ഐ. ജി. ട്രാഫിക്കും എല്ലാ മേലുദ്യോഗസ്ഥരും ഉറപ്പു വരുത്തേണ്ടതാണ്.

**പോലീസ് ഡയറക്ടർ ജനറൽ**

**പകർപ്പ് : ബന്ധപ്പെട്ട എല്ലാ വകുപ്പ് മേധാവികൾക്കും**